പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 267

20.03.2015 ൽ മറുപടിക്ക്

## കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.എ.മാധവൻ**<br>**,, കെ.മുരളീധരൻ**<br>**,, വി.ഡി.സതീശൻ**<br>**,, ബെന്നി ബെഹനാൻ :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) വിലക്കയറ്റം പിടിച്ചുനിർത്തുക, ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുക, ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് തടയുക മുതലായവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. |
| (സി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;<br>(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി)<br>(ഡി) ഹോട്ടലുകളിലും കച്ചവടസ്ഥാപനങ്ങളിലും വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം നടപടികൾ |

സ്വീകരിച്ചുവരുന്നു. കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ/സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചുകൊണ്ട് 26.08.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം.273/2013/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ നോട്ടീസ് നല്കുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ